ഡോക്ടർമാർക്കു 20% മാർക്കുവരെ വെയിറ്റേജ് അനുവദിക്കുമെന്ന് 2005 ലെ മെഡിക്കൽ പി. ജി. പ്രോസ്പെക്ടസിൽ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

ഇത്തരമൊരു സാഹചര്യത്തിൽ സർവ്വീസിലുള്ള ഡോക്ടർമാർക്ക് വേണ്ടി ഒരു പ്രത്യേക പ്രവേശന പരീക്ഷ നടത്തുന്നതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ ആശുപത്രികളിലെ ദന്ത ഡോക്ടർമാർ

144. [911] ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ആകെ എത്ര ദന്ത ഡോക്ടർമാരുടെ തസ്തികകളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്നും അതിൽ എത്ര ദന്ത ഡോക്ടർമാരാണ് ഇപ്പോൾ ജോലി നോക്കുന്നത് എന്നും വെളിപ്പെടുത്തുമോ ;

(ബി) ആരോഗ്യ വകുപ്പിൽ ഇപ്പോൾ എത്ര ദന്ത ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) എല്ലാ പബ്ളിക് ഹെൽത്ത് സെന്ററുകളിലും ദന്ത ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ ഇത് നടപ്പിലാക്കുന്നതിനുവേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഡന്റൽ സിവിൽ സർജന്റെ 19 തസ്തികകളും ഡന്റൽ അസിസ്റ്റന്റ് സർജന്റെ 61 തസ്തികകളും അനുവദിച്ചിട്ടുണ്ട്. ആയതിൽ 12 ഡന്റൽ സിവിൽ സർജൻമാരും 57 ഡൻറൽ അസിസ്റ്റന്റ് സർജൻമാരും ജോലിനോക്കുന്നുണ്ട്.

(ബി) ഡന്റൽ സിവിൽ സർജന്റെ 7 ഒഴിവും ഡന്റൽ അസിസ്റ്റന്റ് സർജന്റെ 4 ഒഴിവും നിലവിലുണ്ട്.

(സി) 4 ഡന്റൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പബ്ളിക് ഹെൽത്ത് സെന്ററുകളിൽ ദന്തഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly